File No.FWLD-A2/23/2019-FWLD

3539
18/2/20

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ശ്രീ.വൈ.എം.ഷാജികുമാർ, വൈൽഡ് ലൈഫ് വാർഡന് എതിരെയുള്ള അച്ചടക്ക നടപടി - തുടർ നടപടി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.33/2020/F&WLD   തീയതി,തിരുവനന്തപുരം, 10/02/2020

---

പരാമർശം:- 1 സർക്കാരിന്റെ 10.10.2019-ലെ FWLD-A2/23/2019-FWLD നമ്പർ കുറ്റപത്രം

2 ശ്രീ.വൈ.എം.ഷാജികുമാർ, വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച പ്രതിവാദപത്രിക.

3 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 25.11.2019-ലെ ബി9-1650/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി.വസന്തകാണിക്കാരി എന്ന ആദിവാസി യുവതിയെ അടിയന്തിര ചികിത്സയെ തുടർന്ന് വീട്ടിൽ എത്തിക്കുന്നതിന് നെയ്യാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ആയിരുന്ന ശ്രീ.പി.സുരേഷ് ബാബു ബോട്ട് വിട്ടുനൽകാതിരുന്നതുമായി ബന്ധപ്പെട്ട് ടിയാനെതിരെ കഠിന ശിക്ഷക്ക് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. തുടർന്ന് വനം വകുപ്പിന്റെയും സർക്കാരിന്റെയും പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുകയും പത്രമാദ്ധ്യമങ്ങളിൽ വാർത്ത വരുകയും ചെയ്ത പ്രസ്തുത സംഭവത്തിന്മേൽ ടിയാനെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാതെ വാക്കാൽ മാത്രമുള്ള നിർദ്ദേശം നൽകിയ നെയ്യാർ വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ.വൈ.എം.ഷാജികുമാറിനെതിരെ പരാമർശം (1) പ്രകാരം ലഘു ശിക്ഷക്കുള്ള കുറ്റപത്രം നൽകുകയുണ്ടായി.

2) ശ്രീ.വൈ.എം.ഷാജികുമാർ കുറ്റപത്രത്തിനു പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദപ്പത്രികയും ആയതിനു പരാമർശം (3) പ്രകാരം സമർപ്പിച്ച അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചു. നെയ്യാർ വന്യജീവി സങ്കേതത്തിലെ അഞ്ച് ബോട്ടുകളുടെയും കൺട്രോളിംഗ് ഓഫീസർ നെയ്യാർ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ ആണ്. വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം, മെയിന്റനൻസ് മുതലായവയുടെ പൂർണ്ണ ഉത്തരവാദിത്വം കൺട്രോളിംഗ്

ഓഫീസറിൽ നിക്ഷിപ്തമാണ്. ആയതിനാൽ ബോട്ടുകൾക്ക് യഥാസമയം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത് നെയ്യാർ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡന്റെ ഉത്തരവാദിത്വമാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തെങ്കിലും പ്രയാസം നേരിടുന്നതായി നെയ്യാർ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ നേരിട്ടോ രേഖാമൂലമോ അറിയിച്ചിട്ടില്ലായെന്നും, നെയ്യാർ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസും തിരുവനന്തപുരം വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസും തമ്മിൽ 30.കി.മീ. ദൂരമുള്ളതിനാൽ തദവസരത്തിൽ നേരിട്ട് യാതൊരു മേൽനോട്ടവും നിർവ്വഹിക്കുവാൻ കഴിയുമായിരുന്നില്ല എന്ന ഷാജികുമാറിന്റെ വാദം പരിഗണിച്ചും ശ്രീ.പി.സുരേഷ് ബാബുവിന്റെ പ്രവൃത്തിയെ ന്യായീകരിക്കുന്ന യാതൊരു നടപടിയും ശ്രീ.വൈ.എം.ഷാജികുമാർ ചെയ്തതായി കാണുന്നില്ല എന്നതിനാലും സൂചന (1) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ശ്രീ.വൈ.എം.ഷാജികുമാറിനെ ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.വൈ.എം.ഷാജികുമാർ, വൈൽഡ് ലൈഫ് വാർഡൻ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by B... K
Date: 2020.02.1... 20:26 IST
Reason: Approved
സെക്ഷൻ ഓഫീസർ